പൈപ്പ് മാറ്റി സ്ഥാപിക്കുവാൻ ജില്ലാ കളക്ടർക്ക് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഒറ്റപ്പന ഭാഗത്ത് ഒരു പുതിയ കുഴൽക്കിണർ ആവശ്യമുണ്ട്. ഇതിലേക്ക് സ്ഥലം ലഭിക്കുന്നതിനനുസൃതമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

വാട്ടർ അതോറിറ്റിയിലെ തസ്തികകൾ

138 (8198) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര തസ്തികകളാണ് നിലവിൽ ഉള്ളതെന്നും ഇവയിൽ ഏതെല്ലാം തസ്തികകൾക്കാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്നും അവയിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള എത്ര വീതം ഒഴിവുകളാണ് പി.എസ്.സി.-യെ അറിയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ ;

(ബി) ഇപ്പോൾ ഒഴിവുള്ള തസ്തികകളിലെ ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റി എങ്ങനെയാണ് പരിഹരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ 120 തസ്തികകളാണ് നിലവിലുള്ളത്. നിലവിൽ മീറ്റർ റീഡർ, ഓവർസീയർ ഗ്രേഡ്-III, പ്ലംബർ, ഫിറ്റർ എന്നീ തസ്തികകളുടെ റാങ്ക് ലിസ്റ്റാണ് കേരളാ വാട്ടർ അതോറിറ്റിക്കുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ളത്. നിലവിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ താഴെപ്പറയുന്നു:

സർവ്വേയർ	-	20
പബ്ലിക് ഇൻഫർമേഷൻ ആഫീസർ	-	1
ലീഗൽ അസിസ്റ്റന്റ്	-	2
ഓപ്പറേറ്റർ	-	31
ഓവർസിയർ ഗ്രേഡ് - III	-	24
അസിസ്റ്റന്റ് എഞ്ചിനീയർ	-	4
ഓഫീസ് അറ്റൻഡന്റ്	-	53
സ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	-	36

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർ ഗ്രേഡ് II/ ഡ്രൈവർ ഗ്രേഡ് (എൽ.ഡി.വി.)	-	12
ഫിറ്റർ	-	4
പ്ലംബർ	-	2
മീറ്റർ റീഡർ	-	4 (എൻ.ജെ.ഡി)
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II	-	3

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിയും, കോൺട്രാക്ട് ലേബർ സപ്ലൈ മുഖേനയുമാണ് ഒഴിവുള്ള തസ്തികകളിലെ ജീവനക്കാരുടെ കുറവ് പരിഹരിച്ചുവരുന്നത്.

വാട്ടർ അതോറിറ്റി ജീവനക്കാരുടെ ആനുകൂല്യങ്ങൾ

139 (8199) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർ വർഷങ്ങളായി അനുഭവിച്ചു വരുന്ന മെഡിക്കൽ ആനുകൂല്യങ്ങൾക്കുമേൽ വാട്ടർ അതോറിറ്റിയിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ ആനുകൂല്യങ്ങളെ അട്ടിമറിച്ചുകൊണ്ട് ജല അതോറിറ്റി മാനേജ്മെന്റ് ഏകപക്ഷീയമായി നടപ്പിലാക്കിയ പുതിയ മാറ്റങ്ങൾ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയിൽ നൽകിവന്നിരുന്ന മെഡിക്കൽ ആനുകൂല്യങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ പുതുതായി നടപ്പിലാക്കിയ മെഡിക്കൽ ആനുകൂല്യത്തിനെതിരെ വ്യാപകമായ പരാതികളോ, നിർദ്ദേശങ്ങളോ രേഖാമൂലം ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് ജീവനക്കാർക്ക് ദോഷകരമാണെന്ന കാര്യം കേരള വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ പുതുതായി നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതി റദ്ദ് ചെയ്യുന്നത് ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly